# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6076

28-10-2011 ൽ മറുപടിക്ക്

## എക്സൈസ് വകുപ്പിന്റെ കാര്യക്ഷമത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി :<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. എം.പി. വിൻസെന്റ് :<br>ശ്രീ. വി.റ്റി.ബൽറാം : | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പ് മന്ത്രി) |

എ) എക്സൈസ് വകുപ്പ് കാര്യക്ഷമമാക്കുന്നതിന് നിലവിലുള്ള ഉദ്യോഗസ്ഥർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് നൽകി വരുന്നത് ;

എ) **1. പുതിയ വാഹനങ്ങൾ.**

വകുപ്പ് നവീകരണത്തിന്റെ ഭാഗമായി, 2005 മുതൽ ഇതുവരെ 158 പുതിയ വാഹനങ്ങളും (ജീപ്പുകൾ), 30 മോട്ടോർ ബൈക്കുകളും വാങ്ങിയിട്ടുണ്ട്. ഇപ്പോൾ, വകുപ്പിലെ കാലപ്പഴക്കം ചെന്ന 55 വാഹനങ്ങൾ മാറ്റി, പുതിയ 55 വാഹനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**2. തോക്കുകളും തിരകളും.**

എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിന്, 2010-ൽ 110 പിസ്റ്റളുകൾ വാങ്ങിയിട്ടുണ്ട്. ആയതിനുള്ള തിരകൾ ലഭ്യമല്ലാതിരുന്നതിനാൽ നാളിതുവരെ വിതരണം ചെയ്തിട്ടില്ല. 1996 ൽ വാങ്ങി 2003 ൽ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്ത 101 റിവോൾവറുകളുടെ തിരകൾ ട്രെയിനിംഗിനായി ഉപയോഗിച്ച് തീർന്നിട്ടുള്ളതുമാകുന്നു. പുതിയ സർക്കാർ അധികാരത്തിൽ വന്ന ശേഷം, പിസ്റ്റളുകൾക്ക് വേണ്ടി 17000 തിരകളും റിവോൾവറുകൾക്കു വേണ്ടി 9000 തിരകളും വാങ്ങുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തി, ആയതിന്റെ കേന്ദ്ര സർക്കാർ അനുമതി ലഭ്യമാക്കുകയും, സാമ്പത്തിക അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. തിരകൾ കാലതാമസം കൂടാതെ വാങ്ങുന്നതും തോക്കുകൾ വിന്യസിക്കുന്നതുമാണ്.

3. മൊബൈൽ ഫോൺ സൗകര്യം ലഭ്യമാക്കൽ.

എക്സൈസ് ഇൻസ്പെക്ടർ മുതൽ എക്സൈസ് കമ്മീഷണർ വരെയുള്ള 370 ആഫീസർമാർക്ക് മൊബൈൽ ഫോൺ കണക്ഷനുകൾ നൽകിയിട്ടുണ്ട്.

4. സ്റ്റീൽ ബോട്ട് നിർമ്മാണം.

കുട്ടനാട് എക്സൈസ് റേഞ്ചിന്റെ ഉപയോഗത്തിനായി 33 ലക്ഷം രൂപയുടെ സ്റ്റീൽ ബോട്ട് നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

5. ആധുനിക പട്രോൾ ഉപകരണങ്ങൾ.

വാഹനപരിശോധന/പട്രോളിംഗ് ജോലികൾക്ക് ഉദ്യോഗസ്ഥർക്ക് ആവശ്യമായ റിഫ്ലക്ടീവ് ജാക്കറ്റ്, ടോർച്ച്, ഹെൽമറ്റ്, ആധുനിക ഹാൻഡ് കഫ് എന്നിവ വാങ്ങുന്നതിനായുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ, ചെക്ക്പോസ്റ്റുകളിലെ ഉദ്യോഗസ്ഥർക്ക്, റെയിൻകോട്ട്, മാസ്ക്, ട്രോളി ലാഡർ എന്നിവ നൽകുന്നതിനുള്ള പ്രാരംഭ നടപടി ആരംഭിച്ചു കഴിഞ്ഞു.

6. വയർലസ് സംവിധാനം.

വകുപ്പിൽ നിലവിലുണ്ടായിരുന്ന വയർലസ് സെറ്റുകൾ റിപ്പയർ ചെയ്തു ഉപയോഗിക്കുന്നതിനും, 98 ലക്ഷം രൂപ ചെലവിൽ പുതിയ ഉപകരണങ്ങൾ വാങ്ങി വയർലസ് സംവിധാനം വിപുലീകരിക്കുന്നതിനും നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

ബി) ഉദ്യോഗസ്ഥർക്ക് മൊബൈൽ ഫോൺ കണക്ഷനുകൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

ബി) എക്സൈസ് ഇൻസ്പെക്ടർ മുതൽ എക്സൈസ് കമ്മീഷണർ വരെയുള്ള 370 ആഫീസർമാർക്ക് സി.യു.ജി.-യിൽ ഉൾപ്പെടുത്തി ബി.എസ്.എൻ.എൽ മൊബൈൽ കണക്ഷനുകൾ നൽകിയിട്ടുണ്ട്. 3600 എണ്ണത്തോളം വരുന്ന വകുപ്പിലെ ഫീൽഡ് സ്റ്റാഫുകൾക്കും മൊബൈൽ കണക്ഷൻ നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

സി) വയർലെസ് സംവിധാനം എല്ലാ ജില്ലകളിലും ഏർപ്പെടുത്താൻ നടപടി എടുക്കുമോ ;

സി) വയർലസ് സംവിധാനം, തിരുവനന്തപുരം, ഇടുക്കി, വയനാട്, കാസർഗോഡ്, കൊല്ലം എന്നീ 5 ജില്ലകളിൽ 2005-ൽ ഏർപ്പെടുത്തിയിരുന്നു. ആയതിൽ, തിരുവനന്തപുരം ജില്ലയിലെ ഒഴികെ, മറ്റു ജില്ലകളിലേത് ഇപ്പോൾ പ്രവർത്തനക്ഷമമല്ല. സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും വയർലസ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ആദ്യഘട്ടം എന്ന നിലയിൽ, 9 ജില്ലകളിൽ ആയത് ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ഡി) ഇതിനായി എന്തു തുക ചെലവു വരും എന്ന് അറിയിക്കാമോ ?

ഡി) ഉദ്ദേശം, 98,17,550/- രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

സെക്ഷൻ ഓഫീസർ